(8) പ്രകൃതിക്ഷോഭത്തിൽ പുഞ്ചാർ മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ അഞ്ച് മാസമായി കേരളത്തിൽ വ്യാപകമായ പേമാരിയും കൊടുങ്കാറ്റും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നാശനഷ്ടങ്ങൾ വളരെ വലുതായിരുന്നു. ഏറ്റവും ഭീകരമായ ദുരന്തം നേരിട്ടിരിക്കുന്നത് കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലാണ്. അതിൽ ഏറ്റവും ഭീകരമായ ദുരന്തം ഉണ്ടായത് കൊടുങ്കാറ്റും പേമാരിയും മാത്രമല്ല, സാധാരണയിൽനിന്നും വ്യത്യസ്തമായി ഒരു ദിവസം മഴ ഇല്ലാതിരുന്നു, ഒരു ഇരുപതാം തീയതി. പൊടുന്നനെ കനത്ത വെള്ളപ്പൊക്കമുണ്ടായി. എവിടെനിന്ന് വെള്ളം വരുന്നു എന്നുപോലും ആളുകൾക്ക് മനസ്സിലായില്ല. വഴിയിൽ കിടന്ന കാർ ഉൾപ്പെടെ ഒഴുകിപ്പോയി. അവിടത്തെ ദേവാലയങ്ങൾ മുഴുവൻ വെള്ളത്തിലായി. പ്രതീക്ഷിക്കാത്ത സമയത്താണ് ഇത് സംഭവിച്ചത്. ഇപ്പോൾ പുഞ്ചാർ നിയോജക മണ്ഡലമാണെങ്കിലും അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ പാലാ നിയോജക മണ്ഡലമാകാൻ പോകുകയാണ്. കടനാട്, മേലുകാവ്, തലനാട്, തീക്കോയ് മുതലായ മുപ്പതോളം മേഖലകളിലും പുഞ്ചാർ, തെക്കേക്കര പഞ്ചായത്തുകളിലും ഉണ്ടായ ഭീകരമായ ദുരന്തം.....

മി. സ്പീക്കർ : പണ്ട് പറഞ്ഞത് ഇനി പറയേണ്ടി വരികയില്ല.

ശ്രീ. പി. സി. ജോർജ് : സർ, അത് ഓർമ്മിപ്പിക്കുന്നത് നല്ലതാണ്. ഇവിടത്തെ വെള്ളം ഒഴുകിച്ചെന്നാണ് കോട്ടയം, ഏറ്റുമാനൂർ, വൈക്കം നിയോജക മണ്ഡലങ്ങളെ തകർത്തത്. ഒരു റോഡുപോലുമില്ല. പല പ്രാവശ്യവും അങ്ങ് പ്രഖ്യാപിച്ച റോഡുകളുടെ കാര്യവും കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യവും ഉൾപ്പെടെ വിശദമായ ഒരു ചർച്ച നടത്തി ഉടൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. പുഞ്ചാർ മണ്ഡലത്തിലായാലും പാലായിൽ ആയാലും പുതുപ്പള്ളിയിലായാലും വാഴൂർ മേഖലയിലായാലും എന്താണ് സംഭവിച്ചതെന്ന് ആർക്കും വിശ്വസിക്കാൻ പറ്റുന്നില്ല. കാരണം രണ്ട് നില വീടിന്റെ മുകളിൽ വരെ വെള്ളം കയറി. വളരെ അപ്രതീക്ഷിതമായ, ആർക്കും വിശ്വസിക്കാൻ പറ്റാത്ത ഒരു സംഭവമാണ്. തിരുവനന്തപുരം സിറ്റിയുടെ ചില പ്രാന്തപ്രദേശങ്ങളിലും ഇതേ സംഭവങ്ങൾ മറ്റൊരു രൂപത്തിൽ ഉണ്ടായി. ഇതു വച്ചുകൊണ്ട്, എന്റെ വിശദമായ മറുപടി ഇവിടെ വായിക്കുന്നില്ല. മറുപടി ഇവിടെ രേഖപ്പെടുത്താം. ശ്രീ. പി. സി. ജോർജിന് ഇതിന്റെ കോപ്പിയുംകൂടി തരാം. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും പി.ഡബ്ല്യു.ഡി. മിനിസ്റ്ററുമൊക്കെയായി മൂന്ന് യോഗങ്ങൾ ഇതിനോടകം ചേർന്നു. ഇത്തരം അസാധാരണമായ സംഭവത്തിൽ, സാധാരണ കാലവർഷക്കെടുതിയുടെ നാശനഷ്ടങ്ങൾ കണക്കാക്കി എന്തെങ്കിലും സഹായം ചെയ്തതുകൊണ്ട് കാര്യമില്ല. അതിന്റെ പഠനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നടക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽ ഇതുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ ശ്രദ്ധയിൽ ഈ വിവരങ്ങളെല്ലാം കൊണ്ടുവന്നിട്ടുണ്ട്. മന്ത്രിസഭ തന്നെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന് കൊടുത്ത നിവേദനവും കാലാവസ്ഥാ വ്യതിയാനം ഇതിന് ഒരു പ്രധാന ഘടകമാണെന്നും കൂടി കണക്കിലെടുത്തുകൊണ്ട് കേന്ദ്ര സംഘം കേരളത്തിലേക്ക് വരാൻ തീരുമാനിച്ചത് അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല സംഘം കേരളത്തിൽ വരികയാണ്. ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ഈ സ്ഥലങ്ങൾ സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിലുള്ള ചർച്ചയുണ്ട്. സംഘം അവരുടെ പ്രദേശങ്ങൾ സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട എംഎൽഎ-മാർ ബന്ധപ്പെടണം. കാര്യങ്ങൾ അവരെ നല്ലവണ്ണം ബോധ്യപ്പെടുത്തി കൂടുതൽ സഹായം കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സ്റ്റേറ്റ് ഗവൺമെന്റിന്റെ മാനദണ്ഡത്തിൽ ചെയ്യാവുന്ന കാര്യങ്ങൾക്ക് ഉത്തരവ് കൊടുത്തിട്ടുണ്ട്. ശ്രീ. പി.സി. ജോർജ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ചുകൂട്ടാം.

(9) പുഴിക്കുന്നിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. ആർ. സെൽവരാജ് : സർ, പാറശ്ശാല മണ്ഡലത്തിൽ ഉദിയൻകുളങ്ങര പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ ഓഫീസിന്റെ പരിധിയിൽ 25,000-ൽ അധികം കൺസ്യൂമേഴ്സുണ്ട്. വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലായി 40 കിലോമീറ്ററിലധികം ദൂരപരിധിയുമുണ്ട്. ഉദിയൻകുളങ്ങരയിൽ ഉപഭോക്താക്കൾക്ക് ഇപ്പോൾ എത്തിച്ചേരാൻ ഉണ്ടാകുന്ന പ്രയാസം ഒഴിവാക്കുന്നതിന് ചെങ്കൽ പഞ്ചായത്തിലെ പുഴിക്കുന്ന് എന്ന സ്ഥലത്ത് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നത് ഗുണകരമായിരിക്കും. അധിക ബാധ്യതയില്ലാതെ ഉദിയൻകുളങ്ങര ഓഫീസിൽനിന്നു തന്നെ ജീവനക്കാരേയും എടുക്കാവുന്നതാണ്. ഓഫീസ് മന്ദിരം സൗജന്യമായി വിട്ടു കൊടുക്കുന്നതിന് റെസിഡൻസ് അസോസിയേഷനും അതുപോലെതന്നെ പഞ്ചായത്ത് ഭരണ സമിതിയും തയ്യാറാണ്.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ കെ. ബാലൻ) : സർ, ഉപഭോക്താക്കളുടെ എണ്ണവും സെക്ഷന്റെ വിസ്തൃതിയും പ്രത്യേക ഭൂപ്രകൃതിയും കണക്കിലെടുത്താണ് സെക്ഷനുകൾ വിഭജിക്കുന്നത്. 25,000 ഉപഭോക്താക്കളും നൂറു ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുമുള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ഉദിയൻകുളങ്ങര സെക്ഷൻ വിഭജിച്ച് പുഴിക്കുന്ന് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ അനുവദിക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെടുന്നത്. എന്നാൽ ഉദിയൻകുളങ്ങര സെക്ഷന് നിലവിൽ 50 ചതുരശ്ര കിലോമീറ്റർ വിസ്തൃതി മാത്രമാണ് ഉള്ളത്. ഇവിടെ നിലവിൽ 23,000 ഉപഭോക്താക്കളാണുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഇപ്പോൾ ഈ സെക്ഷൻ വിഭജിക്കാൻ സാധിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly